# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 124 | 27.02.2017-ൽ മറുപടിയ്ക്ക്

### വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിവന്ന മലയാളികൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഇറാഖ്, ലിബിയ, യെമൻ എന്നിവിടങ്ങളിലെ സംഘർഷബാധിത മേഖലയിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര മലയാളികൾ മടങ്ങിവന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) യെമൻ - 2444<br>ലിബിയ - 532<br>ഇറാഖ് - 418 |
| (ബി) ഇവരെ മടക്കി കൊണ്ടുവരാൻ എന്തെല്ലാം സഹായങ്ങളാണ് നോർക്ക നൽകിയത് ; വിശദമാക്കുമോ; | (ബി) മടങ്ങിവന്ന മലയാളികളെ വിമാനത്താവളത്തിൽ സ്വീകരിക്കുകയും അവർക്ക് ഭക്ഷണം, റെയിൽവെസ്റ്റേഷനിൽ എത്തുന്നതിനുള്ള വാഹന സൗകര്യം എന്നിവ നൽകിയിരുന്നു. കൂടാതെ, 2015 ന് ശേഷം മടങ്ങി വന്നവർക്ക് വഴിച്ചെലവിനായി 2000 രൂപയും നൽകി വരുന്നു. |
| (സി) ഇതിനുവേണ്ടി നോർക്ക ആകെ എത്ര കോടി രൂപ ഈ കാലയളവിൽ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (സി) 1,43,08,176/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ